പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 384 27.9.2011-ന് മറുപടിക്ക്

കർഷകത്തൊഴിലാളികൾക്ക് അനുവദിച്ച പണം വിതരണം ചെയ്യാതിരുന്ന സംഭവം

ചോദ്യം	ഉത്തരം
ശ്രീ. എ.പി.അബ്ദുളളക്കുട്ടി : " ജോസഫ് വാഴയ്ക്കൻ: " ഹൈബി ഈഡൻ : " ലൂഡി ലൂയിസ് :	ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)
എ) ഓണത്തിനു മുമ്പ് കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സർക്കാർ അനുവദിച്ച പണം ഭൂരിപക്ഷം പഞ്ചായത്തുകളും വിതരണം ചെയ്യാതിരുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;	എ) കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സർക്കാർ അനുവദിച്ച പണം 212-ഓളം ഗ്രാമപഞ്ചായത്തുകൾ ഓണത്തിനു മുമ്പ് വിതരണം ചെയ്യാതിരുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ബി) ഇങ്ങനെ വിതരണം ചെയ്യാതിരുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുമോ ; സി) എങ്കിൽ എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ; ഡി) ഇത്തരമൊരു സംഭവം ഉണ്ടാകാൻ ഇടയായ സാഹചര്യമെന്താണെന്ന് അന്വേഷിക്കുമോ ;	ബി) സി) & ഡി) അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.
ഇ) മേലിൽ ഗവൺമെന്റ് അനുവദിക്കുന്ന പണം പഞ്ചായത്തുകൾ വഴി വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?	ഇ) ഗവൺമെന്റ് അനുവദിക്കുന്ന പണം യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ